ന്നാണ് ഷാപ്പുകളുടെ എണ്ണം കുറയ്ക്കുക, ചെത്താനുള്ള മരങ്ങളുടെ എണ്ണം കുറയ്ക്കുക, വില്പനക്കു ക്ലിപ്തസമയം നിശ്ചയിയ്ക്കുക എന്നുള്ളതു്. ഇങ്ങനെ ര് , ഈ ഇനങ്ങളിലായി ഗവൺമെൻറിൻെറ കായ്പരിപാടി പറഞ്ഞുകാണുന്നുണ്ടു്. അതിൽ ഒന്നിനെയാണ് ഈ പ്രമേയം കൊണ്ടു് മൂണ്ടിക്കാണിച്ചിരിയ്ക്കുന്നതു്. ഓരോകൊല്ലത്തെയ്ക്കും ൫ % വീതം കുറയ്ക്കണമെന്നാണ് ഈ പ്രമേയത്തിൽ പറയുന്നതു്. ഏതായാലും ഗവൺമെൻറ് ഇതിൻെറ തത്വം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. ആ നിലയ്ക്കു ഗവൺമെൻറിനു് ഇതിൻെറ കാലനിണ്ണയവും, ൫% മാത്രമെ ആക്ഷേപിയ്ക്കുവാൻ കാരണം കാണുന്നുള്ളു. ൫ % കൊല്ലത്താൽ കുറവുചെയ്യാൻ സാധിയ്ക്കയില്ലെന്നാണെങ്കിൽ ഗവൺമെൻറ് ഈ തത്വം സ്വീകരിയ്ക്കുന്ന സ്ഥിതിയ്ക്കു് മൂന്നോ, നാലോ ആക്കുന്നതിലും വിഷമമൊന്നുമില്ല. അതു ചെയ്യാതെ ഗവൺമെൻറ് ഇതിനെ എതിൎക്കുന്നതിൻെറ കാരണമെന്താണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. മറ്റു മെമ്പറന്മാരും ഇതു കായ്മയായിട്ടുള്ളതല്ലെന്നു പറയുന്നതിലും ന്യായമൊന്നും ഞാൻ കാണുന്നില്ല തച്ചിയായും രണ്ടുനാഴിക അകലെ പോയാലെ കള്ളുഷാപ്പോ, ചാരായഷാപ്പോ ഉണ്ടായിരിയ്ക്കുകയുള്ളുവെന്നുവന്നാൽ കുറച്ചു സാവകാശം കിട്ടും. പോകവേണം എന്നുള്ളവർക്കു് എവിടെ പോയാലും പോക കിട്ടും. ആ നിലയ്ക്കു് ആരെങ്കിലും പട്ടിണികിടന്നു കാണാറുണ്ടോ? ഗവൺമെൻറിൻെറ കായ്പരിപാടി അനുസരിച്ചുനോക്കുമ്പോൾ ഈ പ്രമേയത്തിൽ പറയുന്ന സംഗതി പ്രായോഗികമായിട്ടുള്ളതല്ലെന്നു ഊഹിയ്ക്കുവാൻ വലിയ പ്രയാസമൊന്നുമില്ല. ഇവർ പറയുന്നതിനു് എന്തെങ്കിലും അർത്ഥമുണ്ടെന്നു ഗവൺമെൻറു കല്പിയ്ക്കുന്നുണ്ടെങ്കിൽ തീച്ചയായും ഗവൺമെൻറിനു് ഇതു സ്വീകായ്മായിരിയ്ക്കും എന്നാണ് എനിയ്ക്കു തോന്നുന്നതു്.

Mr. M. P. Cherian.—There are practical difficulties in accepting this 5 per cent. If we accept that principle, we have to carry it out. In some cases it may not be possible to reduce the number by 5 per cent. In some years it may be possible to reduce it by more than 5 per cent. So, such cases will depend upon the local demand and circumstances.

Mr. K. Ayyappan.—Will you reduce at least a few shops this year?

Mr. M. P. Cherian.—Every year we reduce.

Mr. K. T. Mathew.—In view of the assurance given that the policy of the reduction of the shops will be continued from year to year, I withdraw the resolution.

Resolution was, with leave, withdrawn.

16. Panchayat Courts—Power to try Cases up to Rs. 100.

മിസ്റ്റർ ടി. കെ. നായർ.—പഞ്ചായത്തു കോടതികൾക്കു്

LIBRARY ARCHIVES Kerala Legislative Assembly

ഫ 0 ക. യിൽ കവിയാതെ സലയുള്ള വ്യവഹാരങ്ങൾ വിചാരണചെയ്ത് തീർച്ചപ്പെടുത്തുവാൻ അധികാരം കൊടുക്കേണ്ടതാണെന്ന് ഈ സഭ ഗവൺമെൻറിനോടു ശുപാർശചെയ്യുന്നു" എന്നുള്ളതാണ് എൻെറ പ്രമേയം.

ഇതിൽവലിയ തിക്കിൻെറ ആവശ്യമൊന്നും ഇല്ല. ഈ റസല്യൂഷൻകൊണ്ടതന്നെ എൻെറ ഉദ്ദേശം ഇന്നതാണെന്ന് വെളിവാകുന്നുണ്ട്. ഇപ്പോൾ ഇ 0 ക. വരെ വിചാരണചെയ്ത തീർച്ചപ്പെടുത്തുവാനുള്ള അധികാരം പഞ്ചായത്തുകോടതികൾക്കുണ്ട്. എന്നാൽ കൂടുതൽ അധികാരം കൊടുക്കാമെന്നു പല അവസരങ്ങളിലും ഗവൺമെൻറ് വാഗ്ദാനംചെയ്തിട്ടുള്ളതു് അതുപോലെതന്നെ ഇരിയ്ക്കുന്നതുമുണ്ട്. എനിക്ക് അത് ഉടനെ, ഇന്നതന്നെ, കൊടുക്കണമെന്ന് ഉദ്ദേശമില്ല. ഇപ്പോൾ ഞാൻ ഇതു കൊണ്ടുവന്നിട്ടുള്ളതിൻെറ ഉദ്ദേശം ഒരു ബിൽ, ഗ്രൂപ്പ് പഞ്ചായത്തു കോടതികൾക്ക് ഒരു താങ്ങായിട്ട് ഈ നിയമസഭയിൽ പാസായിട്ടുള്ളതു്, നടപ്പിൽ വരുമ്പോൾ അതോടുകൂടി ഈ അധികാരവും കൊടുക്കണമെന്നു പറയുവാൻ മാത്രമാണ്. അതോടുകൂടി ഇതും നടപ്പിൽ വരുത്തിയാൽ മതി; അല്ലാതെ ഉടനെ കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. ഇതാണ് എൻെറ ആവശ്യം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഇ 0 ക. സലയുള്ള കേസുകൾ പഞ്ചായത്തു കോടതികളെല്ലാം വളരെ ഭംഗിയായി നടത്തുന്നുണ്ടെന്നു കാണുന്നുണ്ട്. ഈ പ്രമേയത്തിൽ പറയുന്നതു് പഞ്ചായത്തു കോടതികൾക്കു് കൂടുതൽ അധികാരം കൊടുക്കണമെന്നുള്ളതാണ്. അവരെ ഏല്പിച്ചിട്ടുള്ള ജോലികൾ ഇപ്പോൾ വളരെ ഭംഗിയായി നടത്തിവരുന്ന സ്ഥിതിക്കു് ഈ അധികാരംകൂടി കൊടുക്കണമെന്നു പറയുന്നതു് ന്യായമായിട്ടുള്ളതാണ്. അതുകൊണ്ടു് ഈ അധികാരംകൂടി കൊടുക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—സർ, "പഞ്ചായത്തു കോടതികൾക്കു് ഫ 0ക. യിൽ കവിയാതെ സലയുള്ള വ്യവഹാരങ്ങൾ വിചാരണചെയ്തു തീർച്ചപ്പെടുത്തുവാൻ അധികാരം കൊടുക്കേണ്ടതാണെന്നു" എന്നുള്ളതിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു് "കൊടുക്കേണ്ടതാണെന്നു" എന്ന വാക്കു് "കൊടുക്കേണ്ടതാണെന്നും" എന്നാക്കി മാറ്റണമെന്നതിനുശേഷം "ആ വക തീർപ്പുകളിന്മേൽ മുൻസീഫ് കോടതിയിലേക്കു് അപ്പീൽ ഉണ്ടായിരിക്കേണ്ടതാണെന്നും" എന്നു കൂടി ചേർക്കുക എന്നുമാകുന്നു. ഇപ്പോഴുള്ള പ്രമേയത്തിൻെറ അർത്ഥം അവതാരകൻ ഇവിടെ പറഞ്ഞിട്ടുണ്ട്. അൻപതു രൂപ വരെ സലയുള്ള കേസുകൾ വിചാരണചെയ്തു തീർച്ചപ്പെടുത്തുവാനുള്ള അധികാരം ഇപ്പോൾ പഞ്ചായത്തു കോടതികൾക്കു് കൊടുത്തിട്ടുണ്ട്. ഇവിടെ ഗ്രൂപ്പ് പഞ്ചായത്തിനെ സംബന്ധിച്ചു പാസായി കഴിഞ്ഞിട്ടുള്ള ബിൽ നടപ്പിൽ വരുമ്പോൾ അതോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രമേയത്തിൽ പറയുന്നതും നടപ്പിലാക്കേണ്ടതാണെന്നാണ അവതാരകൻ ആവശ്യപ്പെട്ടിരിക്കുന്നത്.

ഈ പഞ്ചായത്തു കോടതികളിൽ രേഖാമൂലമായും, കരാറു പ്രകാരവുമുള്ള വ്യവഹാരങ്ങളും ഉണ്ടായിരിക്കും. കൂടാതെ ഈ രണ്ടു തരത്തിലും പെടാത്ത വ്യവഹാരങ്ങളും ഉണ്ടാകും. അവയുടെ വിചാരണക്കു പഞ്ചായത്തു കോടതികൾക്കു അധികാരം കൊടുത്തിട്ടില്ല. ഈ നിലക്കു നൂറു രൂപാവരെ ആക്കിയാൽ വരുന്ന വിഷമം എന്താണെന്നുവച്ചാൽ—അർധ മിനിസ്റ്റേഷൻ റിപ്പോർട്ടിൽ പഞ്ചായത്തു കോടതികളെ ൪൦ ക. വരേയുള്ള വ്യവഹാരങ്ങളും തീരായായി ചെയ്യുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ അനുഭവത്തിലും അതു ശരിയല്ലെന്നു ഞാൻ പറയുന്നില്ല. പലപ്പോഴും അവരുടെ തീരുമാനങ്ങളെപ്പറ്റി കക്ഷികൾക്കു മുഴുവൻ തൃപ്തിയില്ലാത്തതുകൊണ്ടു് അവർക്കു് മേൽകോടതികളെ അഭയം പ്രാപിക്കേണ്ടതായി വരുന്നു. ഇതിൽ കക്ഷികൾക്കുള്ള വിഷമം നോക്കിയാൽ ൪൦ ക. വരേയുള്ള കേസുകളും ഈ കോടതികളിൽതന്നെ റിവിഷൻ കൊടുക്കാൻ അധികാരം ഇല്ല: ഈ കേസുകളുടെ റിവിഷൻ കൊടുക്കുവാൻ മുൻസിഫ് കോടതികൾക്കു് അധികാരമുണ്ടു്. എന്നാൽ അവിടെ അപ്പീൽ കൊടുക്കാൻ അവകാശമില്ല. അതു് ഇന്നയിന്ന കാരണങ്ങൾകൊണ്ടു് ആണെന്നും പറഞ്ഞിട്ടുണ്ടു്. ചിഫ് കോടതിയിൽ നിന്നാണെങ്കിൽ യാതൊരു വ്യത്യാസവും കൂടാതെ ആദ്യം മുതൽ ഇന്നേവരെ ഒരു സമ്പ്രദായംതന്നെ ഇക്കാര്യത്തിൽ പ്രകടിപ്പിച്ചിട്ടുണ്ടു്. എന്തുകൊണ്ടാണെന്നുവച്ചാൽ, തൊഴിൽ സംബന്ധമായ കാര്യങ്ങളിൽ പഞ്ചായത്തുകാർക്കു് അധികാരം കൊടുത്തിട്ടുണ്ടു് .എന്നാൽ നിയമ സംബന്ധമായ വല്ല കാര്യങ്ങളിലും പഞ്ചായത്തിൽ വല്ല നിയമ തടസ്ഥങ്ങളും ഉണ്ടെങ്കിൽ മാത്രമേ കക്ഷികൾക്കു് മേൽകോടതികളിൽ റിവിഷൻ കൊടുക്കുവാൻ അവകാശമുള്ളു. ഇങ്ങനെയാകുമ്പോൾ കക്ഷികൾക്കു് പല ബുദ്ധിമുട്ടുകളും ഇടയാകും. ചില കക്ഷികളുടെ കാര്യം നോക്കിയാൽ അവരുടെ ആകെയുള്ള മുതൽ ൧൦൦ ക. മാത്രമേ ഉണ്ടായിരിക്കയുള്ളു. അതുകൊണ്ടു് പഞ്ചായത്തു ജഡ്ജിമാർ മനഃപൂർവ്വമില്ലാതെ അബദ്ധത്തിൽ വല്ല വ്യത്യാസവും വരുത്തുന്നുണ്ടെങ്കിൽ അതിനെ നിയമ തടസ്ഥമായിട്ടു് മുൻസീഫ് കോടതികളിലേക്കു് റിവിഷൻ ചെയ്യുവാൻ നിവർത്തിയില്ലാതെ വരുന്നു. തെളിവു സംശതികൾക്കും കൂടി മുൻസീഫ് കോടതികൾക്കു് ആലോചന ചെയ്യുവാൻ അധികാരം കൊടുത്താൽ ഈ സംഖ്യ അൻപതിൽനിന്നു നൂറുവരെ ആക്കുവാൻ യാതൊരു പ്രയാസവുമില്ല. അതു് കക്ഷികൾക്കു വളരെ ഗുണകരമായിരിക്കുന്നതുമാണു്. കക്ഷികൾക്കു് അതിൽ തൃപ്തിയില്ലെങ്കിലേ പിന്നെ അപ്പീൽ കൊടുക്കേണ്ടതുള്ളു. അതുകൊണ്ടു് ഈ ആക്ഷേപ നിവർത്തി വരുത്തിതരണമെന്നുള്ളതാണു് എ

LIBRARY ARCHIVES Kerala Legislative Assembly

ന്റെ അപേക്ഷ. ഇതു് ഈ പ്രമേയാവതാരകനും സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

Mr. P. Krishna Menon.—I second it.

The House rose for the day at 5 p. m.

C. J. MATHEW,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly